**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **12-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ നിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ മുൻകാലത്ത് സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അനുവദിച്ച റെയിൽവേ പദ്ധതികൾ റദ്ദുചെയ്യുകയും സംസ്ഥാനം മുന്നോട്ട് വയ്ക്കുന്ന പുതിയ പദ്ധതികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാതിരിക്കുകയും സംസ്ഥാനവുമായി ചർച്ച ചെയ്യാതെ ചില പദ്ധതികൾ ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തികച്ചും വിവേചനപരമാണെന്നത് പരിഗണിച്ച് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ മുൻകാലത്ത് സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അനുവദിച്ച റെയിൽവേ പദ്ധതികൾ പലതും നടപ്പാക്കിയിട്ടില്ല. സംസ്ഥാനം മുന്നോട്ട് വയ്ക്കുന്ന പുതിയ പദ്ധതികളായ സിൽവർലൈൻ, അങ്കമാലി - ശബരി എന്നിവ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തിന് ഉതകുന്ന പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുഭാവപൂർണ്ണമായ തീരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് 2018-ലെ പ്രളയ കാലത്ത് ദുരിതബാധിതർക്ക് അധിക അരി നൽകിയതിന് ശേഷം ഇപ്പോൾ അരിവില നൽകുവാൻ സംസ്ഥാന സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുന്നത് ഫെഡറൽ സംവിധാനത്തിന് എതിരായതും തെറ്റായ കീഴ്‌വഴക്കവുമാണെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; | (ബി) | 2018 -ലെ പ്രളയ ദുരിതാശ്വാസത്തിനായി കേരളത്തിന് 89540 മെട്രിക് ടൺ അരി കേന്ദ്രം അനുവദിച്ചിരുന്നു. അധികം അരി കേന്ദ്രം അനുവദിച്ച ഇനത്തിൽ 205,80,57,232/- രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് ആനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 19/09/2019 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. 2017 ലെ ഓഖി ചുഴലികാറ്റും, 2018, 2019 ലെ പ്രളയങ്ങൾ, കോവിഡ് 19 എന്നിവ സംസ്ഥാനത്തെ സാമ്പത്തിക വ്യവസ്ഥയെ വളരെയധികം ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ തുക അടയ്ക്കുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 24/09/2020, 07/07/2021, 22/11/2021, 21/05/2022 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇത് സംബന്ധിച്ച് അനുകൂല നിലപാട് കൈകൊള്ളാത്ത സാഹചര്യത്തിൽ, 2019 ലെ പ്രളയത്തിൽ അധികം അരി വിതരണം ചെയ്ത ഇനത്തിൽ 205,80,57,232/- രൂപ ഫുഡ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ഇന്ത്യയ്ക്ക് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | മുൻ കേന്ദ്ര സർക്കാരുകൾ സംസ്ഥാനത്തിന് അനുവദിച്ചതും കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംഗീകാരം റദ്ദാക്കുകയും ചെയ്ത വൻകിട, ചെറുകിട പദ്ധതികൾ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | റെയിൽവേയുമായി ബന്ധപ്പെട്ട പദ്ധതികളിൽ, മുമ്പ് അനുവദിച്ച അങ്കമാലി - ശബരി ലൈൻ, കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി, ഗുരുവായൂർ - തിരുനാവായ ലൈൻ എന്നീ പദ്ധതികളിൽ വേണ്ടത്ര പുരോഗതിയില്ല. ശബരി പദ്ധതിയിൽ സർക്കാർ 50% തുക വഹിക്കാം എന്നു റെയിൽ മന്ത്രാലയത്തെ അറിയിച്ചതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും റെയിൽവേക്കു സമർപ്പിക്കുകയും ആയതു റെയിൽവേ ബോർഡിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ